LIBRARY ARCHIVES Kerala Legislative Assembly

### റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട വിജിലൻസ് ക്ലിയറൻസ്

150 (165) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നുകര ഗ്രാമപഞ്ചായത്തിലെ 2015-2016 ബജറ്റിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ അഞ്ച് റോഡ് പ്രവൃത്തികളുമായി ബന്ധപ്പെട്ട വിജിലൻസ് ക്ലിയറൻസ് ലഭ്യമാകുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ;

(ബി) റോഡുകളുടെ ശോചനീയാവസ്ഥ കണക്കിലെടുത്ത് വിജിലൻസ് ക്ലിയറൻസ് എന്നത്തേക്ക് ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ;

(സി) റോഡ് പ്രവൃത്തികൾ പുനരാരംഭിക്കുന്നതിന് വിജിലൻസ് അന്വേഷണം തടസ്സമാണോയെന്ന് വ്യക്തമാക്കാമോ;

(ഡി) വിജിലൻസ് ക്ലിയറൻസ് ലഭ്യമാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം

(എ-സി) കുന്നുകര ഗ്രാമപഞ്ചായത്തിലെ 2015-16 ബഡ്ജറ്റിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ 5 റോഡുകളുടെ തുടർ നിർമ്മാണ പ്രവൃത്തികൾ നടത്തുന്നതിനുള്ള വിജിലൻസ് ക്ലിയറൻസ് പൊതുമരാമത്ത് വകുപ്പിന് നൽകിയിട്ടുണ്ട്.

(ഡി) വിജിലൻസ് ഡയറക്ടർ ലഭ്യമാക്കിയ വിജിലൻസ് ക്ലിയറൻസിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

### വിജിലൻസ് കോടതികൾ

151 (166) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1988 -ലെ അഴിമതി നിരോധന നിയമപ്രകാരം അഴിമതിക്കേസ്സുകൾ വിചാരണ നടത്തുന്നതിന് വേണ്ടി മാത്രമായി സ്ഥാപിച്ച സംസ്ഥാന എൻക്വയറി കമ്മീഷൻ & സ്പെഷ്യൽ ജഡ്ജിന്റെ (വിജിലൻസ്) കോടതികളിൽ ഇത്തരത്തിലുള്ള കേസ്സുകൾ കൂടാതെ മറ്റു സിവിൽ കേസുകൾ വിചാരണ നടത്തുന്നതിന് അനുമതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ; കോട്ടയം, തൃശ്ശൂർ വിജിലൻസ് കോടതികളിൽ അഴിമതി നിരോധന

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നിയമവുമായി ബന്ധപ്പെട്ട കേസ്സുകൾ വിചാരണ ചെയ്യുന്നതിന് മുൻഗണന നൽകാതെ മറ്റു സിവിൽ കേസുകൾ വിചാരണ നടത്തുന്നതിന് മുൻഗണന നൽകുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ഇതിൽ സർക്കാരിന്റെ നിലപാട് എന്താണ്;

(ബി) ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 227 -മായി ബന്ധപ്പെട്ട് ബഹു.സുപ്രീംകോടതി പുറപ്പെടുവിച്ച വിധിന്യായങ്ങൾക്ക് വിരുദ്ധമായി 5-9-2019 -ൽ ബഹു.കേരള ഹൈക്കോടതി ഒ.പി.(ക്രിമിനൽ)580/2017 എന്ന കേസ്സിൽ പുറപ്പെടുവിച്ച വിധിന്യായം അംഗീകരിക്കുന്നുണ്ടോ; ഈ വിധിക്കെതിരെ അപ്പീൽ സമർപ്പിക്കാൻ വിജിലൻസ് വകുപ്പ് ഉദ്ദേശിക്കുന്നുണ്ടോ;

(സി) വിജിലൻസ് വകുപ്പിന്റെ ഭരണനിയന്ത്രണത്തിൻ കീഴിൽ പ്രവർത്തിക്കുന്ന സംസ്ഥാന എൻക്വയറി കമ്മീഷൻ & സ്പെഷ്യൽ ജഡ്ജിന്റെ (വിജിലൻസ് കോടതി) വകുപ്പിലെ ജീവനക്കാരെ ഹൈക്കോടതിയുടെ ഭരണ നിയന്ത്രണത്തിലേക്ക് മാറ്റുന്നതിനോ വിജിലൻസ് കോടതിയിലേക്ക് സബോർഡിനേറ്റ് ജുഡീഷ്യറിയിൽ നിന്ന് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനം നടത്തുന്നതിനോ ഉദ്ദേശിക്കുന്നുണ്ടോ; ഇതിൽ സർക്കാരിന്റെ നയം എന്താണെന്ന് വ്യക്തമാക്കുമോ;

(ഡി) വിജിലൻസ് കോടതികളിലേക്ക് ഡെപ്യൂട്ടേഷൻ വഴി നിയമനം നടത്തുകയാണെങ്കിൽ നിലവിൽ ഈ വകുപ്പിൽ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥരെ സമാന തസ്തികകളുള്ള ഗവ.സെക്രട്ടേറിയറ്റ്/ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ/ സ്റ്റേറ്റ് ആഡിറ്റ് വകുപ്പ് / അഡ്വക്കേറ്റ് ജനറൽ ഓഫീസ് എന്നിവിടങ്ങളിലേയ്ക്ക് പുനർവിന്യാസം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ഇ) ഒ.പി. (ക്രിമിനൽ)580/ 2017 എന്ന കേസ്സിൽ മുഖ്യമന്ത്രി ബന്ധപ്പെട്ട ഫയൽ പരിശോധിച്ച് അനുമതി നൽകിയ ശേഷമാണോ ഈ കേസ്സിൽ നിയമ വകുപ്പ് സെക്രട്ടറിയും വിജിലൻസ് (സി) വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറിയും കൗണ്ടർ അഫിഡവിറ്റ് ഹൈക്കോടതിയിൽ സമർപ്പിച്ചത്; മേൽ ഉദ്യോഗസ്ഥർ ഈ കാര്യങ്ങളിൽ സ്വീകരിച്ച നടപടി സംസ്ഥാന സർക്കാരിന്റെ നയത്തിന് അനുസൃതമാണോ; നയരൂപീകരണം സർക്കാരിന്റെ ഉത്തരവാദിത്വമായിരിക്കെ ഇക്കാര്യം ഹൈക്കോടതിക്ക് വിട്ടു നൽകിയ ഡെപ്യൂട്ടി സെക്രട്ടറിക്ക് എതിരെ നടപടി സ്വീകരിക്കുമോ;

(എഫ്) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സംസ്ഥാനത്തെ വിജിലൻസ് കോടതികളും, വിജിലൻസ് ട്രൈബ്യൂണലുകളും ശക്തിപ്പെടുത്തുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; വിജിലൻസ്

LIBRARY ARCHIVES Kerala Legislative Assembly

കോടതികളും വിജിലൻസ് ട്രൈബ്യൂണലുകളുമായി ബന്ധപ്പെട്ട് സർക്കാരിന്റെ നയം എന്താണ്; എ.ജി. യുടെ നിർദ്ദേശപ്രകാരം വിജിലൻസ് കേസ്സുകളിൽ (എൻക്വയറി കമ്മീഷൻ & സ്പെഷ്യൽ ജഡ്ജ്) സെക്രട്ടേറിയറ്റിലെ വിജിലൻസ് വകുപ്പിലെ ഉദ്യോഗസ്ഥർ നടത്തിയിരുന്ന പരിശോധന ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം നിർത്തിവച്ചതിനുള്ള കാരണം എന്താണ്; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) 1947-ലെ അഴിമതി നിരോധന നിയമപ്രകാരം കേരളത്തിൽ സ്ഥാപിതമായിട്ടുള്ള കോടതികളാണ് എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജിയുടെ കോടതികൾ. 1988-ലെ അഴിമതി നിരോധന നിയമത്തിന്റെ 7 മുതൽ 15 വരെയുള്ള വകുപ്പുകളിൽ പറയുംപ്രകാരമുള്ള കുറ്റകൃത്യങ്ങളും അതിനോടനുബന്ധിച്ചുവരുന്ന ഇന്ത്യൻ ശിക്ഷാനിയമത്തിലെ വിവിധ വകുപ്പുകൾ പ്രകാരമുള്ള കുറ്റകൃത്യങ്ങളും അവയിൽ ഏതെങ്കിലും ഒന്നിനോടനുബന്ധിച്ചുള്ള കുറ്റകൃത്യങ്ങളും വിചാരണ ചെയ്യുവാൻ ഈ കോടതികൾക്കധികാരമുണ്ട്. ഇതിനുപുറമേ എൻക്വയറി കമ്മീഷണർ എന്ന നിലയിൽ 1960-ലെ കേരള സിവിൽ സർവ്വീസസ് (വിജിലൻസ് ട്രൈബ്യൂണൽ) ചട്ടങ്ങൾ പ്രകാരം പ്രത്യേകം റഫർ ചെയ്യപ്പെടുന്ന കേസ്സുകളും വിചാരണ ചെയ്യുവാനാണ് ഈ കോടതികൾക്ക് അധികാരം നൽകിയിട്ടുള്ളത്.

കോട്ടയം, തൃശ്ശൂർ വിജിലൻസ് കോടതികളിൽ അഴിമതി നിരോധന നിയമവുമായി ബന്ധപ്പെട്ട കേസ്സുകൾ വിചാരണ ചെയ്യുന്നതിനാണ് മുൻഗണന നൽകുന്നത്.

(ബി) 5-9-2019-ൽ ബഹു. കേരള ഹൈക്കോടതി ഒ.പി.(ക്രിമിനൽ) 580/2017 കേസ്സിൽ പുറപ്പെടുവിച്ച വിധിന്യായം സർക്കാർ പരിശോധിച്ചുവരുന്നു. ടി വിധിന്യായത്തിന്മേൽ അഡ്വക്കേറ്റ് ജനറലിന്റെ ഉപദേശം തേടിയിരിക്കുകയാണ്.

(സി) K.S.R.-ചട്ടം 140 പ്രകാരമാണ് ഒരു സർക്കാർ ജീവനക്കാരന് ഡെപ്യൂട്ടേഷൻ അനുവദിക്കുന്നത്. ഓരോ അപേക്ഷയും പരിശോധിച്ച് അതിന്റെ അടിസ്ഥാനത്തിൽ അതതു അപേക്ഷകൾ ഉചിതമായി തീരുമാനിക്കുകയാണ് ചെയ്തുവരുന്നത്.

(ഡി) നിലവിൽ പരിഗണനയിലില്ല.

(ഇ) നിയമവകുപ്പ് സൂക്ഷ്മ പരിശോധന നടത്തി ലഭ്യമാക്കുന്ന കൗണ്ടർ അഫിഡവിറ്റ് സർക്കാരിൽ നിന്നും ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ ഗവൺമെന്റ്

LIBRARY ARCHIVES Kerala Legislative Assembly

പ്ലീഡറുമായി ചർച്ച ചെയ്ത് അതിന്റെ അടിസ്ഥാനത്തിലാണ് കൗണ്ടർ അഫിഡവിറ്റ് തയ്യാറാക്കി ഫയൽ ചെയ്യുന്നത്. അപ്രകാരം വിജിലൻസ് വകുപ്പിലെ ഡെപ്യൂട്ടി സെക്രട്ടറിയെ സർക്കാർ ചുമതലപ്പെടുത്തുകയും ഹൈക്കോടതിയിലെ ഗവൺമെന്റ് പ്ലീഡറുമായി ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് OP(Crl)580/2017 കേസിലെ കൗണ്ടർ അഫിഡവിറ്റ് തയ്യാറാക്കി ഹൈക്കോടതിയിൽ സമർപ്പിച്ചിട്ടുള്ളത്. അഫിഡവിറ്റിൽ നയരൂപീകരണവുമായി ബന്ധപ്പെട്ട തീരുമാനങ്ങളൊന്നും ഉൾപ്പെടുത്തിയിട്ടില്ല. ഇതിനുപുറമേ നിയമവകുപ്പ് സെക്രട്ടറി ഹാജരാക്കിയ അഫിഡവിറ്റിലും സർക്കാർ നയരൂപീകരണവുമായി ബന്ധപ്പെട്ട യാതൊന്നും പ്രതിപാദിച്ചിട്ടില്ല.

(എഫ്) 1947-ലെ അഴിമതി നിരോധന നിയമപ്രകാരം കേരളത്തിൽ സ്ഥാപിതമായിട്ടുള്ള 6 എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജിയുടെ കോടതികളും 1960-ലെ കേരള സിവിൽ സർവ്വീസസ് (വിജിലൻസ് ട്രൈബ്യൂണൽ) റൂൾസ് 3 പ്രകാരം സ്ഥാപിക്കപ്പെട്ട രണ്ട് വിജിലൻസ് ട്രൈബ്യൂണലുകളും സർക്കാർ വിഭാവനം ചെയ്യുന്ന രീതിയിൽ കാര്യക്ഷമമായ പ്രവർത്തനം കാഴ്ചവയ്ക്കുന്നു.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നിയമോപദേശവും പ്രോസിക്യൂഷൻ ചുമതലയും നിക്ഷിപ്തമാക്കിയിരുന്ന വിജിലൻസ് നിയമോപദേഷ്ടാവ്, സഹ ഉപദേഷ്ടാക്കളുടെ ചുമതല വേർതിരിച്ച്, അധികമായി 4 വിജിലൻസ് നിയമോപദേഷ്ടാക്കളുടെ തസ്തിക സൃഷ്ടിക്കുകയും, സഹ ഉപദേഷ്ടാക്കളെയെല്ലാം പബ്ലിക് പ്രോസിക്യൂട്ടർമാരായി പുനഃനാമകരണം ചെയ്ത് പ്രോസിക്യൂഷൻ ചുമതല മാത്രം ഏൽപ്പിച്ച് വിജിലൻസ് കോടതിയിലെയും വിജിലൻസ് ട്രൈബ്യൂണലിലെയും പ്രോസിക്യൂഷൻ നടപടികളിൽ കൂടുതൽ ശ്രദ്ധയും ജാഗ്രതയും വരുത്തി മേൽ സ്ഥാപനങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിനുപുറമേ വിജിലൻസ് കോടതികളും ട്രൈബ്യൂണലുകളും ശക്തിപ്പെടുത്തുന്നതിലേക്കായി 2020-21 സാമ്പത്തിക വർഷത്തിൽ ടി കോടതികളിലെ നവീകരണത്തിലേക്കായി കമ്പ്യൂട്ടറുകൾ, സ്കാനറുകൾ, പ്രിന്ററുകൾ എന്നിവ ലഭ്യമാക്കുന്നതിനായി പ്ലാൻ ഫണ്ട് മുഖേന തുക അനുവദിക്കുന്നതിലേക്കായി സമഗ്രമായ പ്രൊപ്പോസൽ സർക്കാരിലേക്ക് ലഭ്യമാക്കാൻ ടി കോടതികളോട് ആവശ്യപ്പെട്ടിട്ടുണ്ട്.

പരാതികൾ ലഭിക്കുന്ന സന്ദർഭങ്ങളിൽ അവയുടെ സ്വഭാവം അനുസരിച്ച് ആവശ്യമെങ്കിൽ സെക്രട്ടേറിയറ്റ് ഉദ്യോഗസ്ഥരുൾപ്പെടെ ഉള്ളവരുടെ പരിശോധന നടത്തുന്ന കാര്യത്തിൽ ഉചിതമായി തീരുമാനിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly